18/1/22

28/12/2021

1


സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ CP No.157(6)/2021/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.3773/എസ്.ഐ.സി-ജി 5/2021)*

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

| | |
|---|---|
| ശ്രീമതി. സി.എം. ജഗദമ്മ,<br>മുണ്ടുവാടക്കൽ വീട്,<br>ഇരവുകാട് വാർഡ്, ആലപ്പുഴ | പരാതി ഹർജിക്കാരി |

Vs

| | |
|---|---|
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>സെക്രട്ടറി,<br>വയലാർ ഗ്രാമപഞ്ചായത്ത് കാര്യാലയം,<br>വയലാർ പി.ഒ., ചേർത്തല, ആലപ്പുഴ | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 09.02.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 05.03.2021 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 14.03.2021 |
| കമ്മീഷനിൽ പരാതി ഹർജി ലഭ്യമായ തീയതി | 17.03.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.04.2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 06.05.2021 |
| ഹിയറിംഗ് തീയതി | 05.01.2022 |
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരി<br>എതിർകക്ഷി | <br>ഹാജരായില്ല<br>ഹാജരായി |

ഉത്തരവ്

പരാതി ഹർജിക്കാരിയായ ശ്രീമതി. സി.എം. ജഗദമ്മ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൾ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ എതിർകക്ഷി വിവരങ്ങൾ മറച്ചു വച്ചു

തെറ്റായ വിവരങ്ങൾ നൽകിയെന്നും ടിയാൾ അവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുവാൻ ഉചിതമായ നടപടി കമ്മീഷൻ സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ ആവശ്യപ്പെട്ടത് റവന്യൂ രേഖകളിൽ നിലം എന്നു രേഖപ്പെടുത്തിയ വസ്തുവിൽ പുതിയ വീടുകൾക്ക് നിർമ്മാണാനുമതി നൽകുന്നതിന് എതിർകക്ഷിയെ അധികാരപ്പെടുത്തികൊണ്ട് തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ചതും ഇപ്പോഴും പ്രാബല്യത്തിലുള്ളതുമായ സർക്കുലർ അല്ലെങ്കിൽ ഉത്തരവുകളുടെ തീയതിയും തിരിച്ചറിയുന്നതിന് അവയ്ക്ക് നൽകിയിട്ടുള്ള നമ്പരുകളും അവയുടെ ഓരോ കോപ്പികളും നൽകണമെന്നും ഇത്തരം അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിനായി ആശ്രയിക്കുന്ന സർക്കുലറുകൾ അല്ലെങ്കിൽ ഉത്തരവുകൾ പുറപ്പെടുവിച്ച തീയതികളും അവയുടെ തിരിച്ചറിയൽ നമ്പരുകളും, അവയുടെ കോപ്പിയും നൽകണമെന്നും റവന്യൂ രേഖകളിൽ നിലം എന്നു രേഖപ്പെടുത്തിയ വസ്തുക്കളിൽ നിലവിലുള്ള വീടുകളോട് അനുബന്ധ കൂട്ടിച്ചേർക്കൽ നടത്തുന്നതിനു അനുവാദം നൽകുവാൻ എതിർകക്ഷിയെ അധികാരപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ റവന്യൂ വകുപ്പുകൾ പുറപ്പെടുവിച്ചതും അപ്പോൾ പ്രാബല്യത്തിലുള്ള സർക്കുലറുകൾ അല്ലെങ്കിൽ ഉത്തരവുകളുടെ തിരിച്ചറിയൽ നമ്പരും അവ പുറപ്പെടുവിച്ച തീയതിയും ഇവയുടെ ഓരോ പകർപ്പുകൾ നൽകണമെന്നും അത്തരം അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ആശ്രയിക്കുന്ന സർക്കുലർ അല്ലെങ്കിൽ ഉത്തരവിന്റെ തിരിച്ചറിയൽ നമ്പരും പുറപ്പെടുവിച്ച തീയതിയും ഓരോ കോപ്പികൾ നൽകണമെന്നും മറ്റുമായി 6 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ ഹർജികക്ഷിയുടെ അപേക്ഷയിലെ 1,2,3,5 എന്നീ ചോദ്യങ്ങൾക്ക് പകർപ്പ് ഫീസ് അടച്ച് വിവരങ്ങൾ കൈപ്പറ്റാവുന്നതാണെന്നും ക്രമനമ്പർ 4 ന് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടില്ലെന്നും അറിയിച്ചതായി കാണുന്നു. ക്രമനമ്പർ 6 ന് ടിയാൻ ആവശ്യപ്പെട്ട വിവരം നൽകിയതായും കാണുന്നു.

3. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 04.05.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ ബോധിപ്പിച്ചത്, 2018 ലെ കേരള തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ടിൽ പറയും പ്രകാരം വ്യവസ്ഥകൾ പരിഗണിച്ചുകൊണ്ടാണ് തദ്ദേശ സ്വയംഭരണ (ആർ.എ) വകുപ്പിന്റെ 13.08.2018 തീയതിയിലെ തസ്വഭവ 406/ആർ.എ1/2018 നം. സർക്കുലർ എന്നിങ്ങനെ അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതെന്നും ടി മറുപടിയിൽ തെറ്റിദ്ധരിപ്പിക്കുന്നതിനോ വിവരങ്ങൾ നൽകുന്നതിൽ നിന്നും ഒഴിവാകുന്നതിനോ മന:പൂർവ്വം ഒരു ശ്രമവും നടത്തിയില്ലെന്നും മറ്റുമാണ്.

RIGHT TO INFORMATION

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജികക്ഷിയുടെ 09.02.2021 ലെ വിവരാവകാശ അപേക്ഷയിന്മേൽ എതിർകക്ഷി 05.03.2021 ൽ മറുപടി നൽകിയതായി കാണുന്നുവെങ്കിലും ആയത് തികച്ചും തെറ്റാണ് എന്നാണ് പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചിരിക്കുന്നത്. ഹിയറിംഗിൽ പങ്കെടുക്കാൻ ഹർജികക്ഷിക്ക് നോട്ടീസ് അയച്ചുവെങ്കിലും ടിയാൾ ഹിയറിംഗിൽ പങ്കെടുക്കുകയോ എന്തെങ്കിലും അസൗകര്യം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആലപ്പുഴ വച്ച് കമ്മീഷൻ നടത്തിയ ഹിയറിംഗിൽ ആലപ്പുഴ സ്വദേശിയായ ഹർജികക്ഷി എടുത്ത സമീപനം ടിയാൾക്ക് ടി അപേക്ഷയോടുള്ള മനോഭാവത്തെയാണ് കാണിക്കുന്നത്. ഹർജികക്ഷിയുടെ വിവരാവകാശ അപേക്ഷക്ക് 05.03.2021 ൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ല എങ്കിൽ അപ്പീൽ അധികാരിയുടെ മുന്നിൽ ഒന്നാം അപ്പീൽ സമർപ്പിക്കാൻ ഹർജികക്ഷിക്ക് അവസരമുണ്ടായിരുന്നു. ആയത് വിനിയോഗിക്കാതെ നേരിട്ട് കമ്മീഷനിൽ പരാതി സമർപ്പിച്ചിരിക്കുന്നതായാണ് കാണുന്നത്. ആയത് ശരിയായ പ്രവണതയായി കമ്മീഷൻ കാണുന്നില്ല. 30.04.2021 തീയതി എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പും 6(1) പ്രകാരം നൽകിയതായി പറയുന്ന മറുപടിയുടെ പകർപ്പും ഒരിക്കൽ കൂടി അപ്പീൽ ഹർജികക്ഷിക്കു നൽകേണ്ടതാണ് എന്നു കമ്മീഷൻ ഉത്തരവാകുന്നു.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഡിസംബർ 28–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)
Dp

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM